# കുട്ടിയെ 'പഠിപ്പിക്കാൻ' പഠിക്കാം





**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com

അദ്വൈത് പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. കോളേജ് അധ്യാപകരായ ഉഷ-രമേഷ് ദമ്പതികളുടെ ഏക മകൻ. തിരുവനന്തപുരം നഗരത്തിലെ പ്രശസ്തമായൊരു സ്കൂളിലാണ് അവൻ പഠിക്കുന്നത്. മകന്റെ പഠനത്തെ കുറിച്ചുള്ള ആശങ്കയാണ് ഉഷയേയും രമേഷിനേയും എന്റെ അരികിൽ എത്തിച്ചത്. സ്കൂളിൽ പാഠ്യേതരപ്രവർത്തനങ്ങളിലെല്ലാം അവൻ മുന്നിലാണ്. പാട്ടു പാടാനും ചിത്രം വരയ്ക്കാനും എല്ലാം ഇഷ്ടമാണ്. ക്ലാസിൽ അച്ചടക്കമുള്ള കുട്ടിയാണ്. ധാരാളം സുഹൃത്തുക്കളും ഉണ്ട്. പക്ഷേ പഠനത്തിൽ അവൻ തീർത്തും പിന്നാക്കമാണ്. "പഠിക്കാൻ എത്ര നിർബന്ധിച്ചാലും അവൻ അനുസരിക്കില്ല. ടി.വി കാണാനോ ഗെയിംകളിക്കാനോ ഇപ്പോൾ അനുവദിക്കാറില്ല. പിടിച്ചിരുത്തി പഠിപ്പിക്കാൻ നോക്കി പക്ഷേ അവൻ ഒരു ഉഴപ്പൻ മട്ടിലാണ് ഇരിക്കുക. പറയുന്നതൊന്നും ശ്രദ്ധിക്കില്ല. പരീക്ഷ അടുക്കുന്തോറും ഞങ്ങൾക്ക് ടെൻഷനാണ്"- ഉഷയുടെ വാക്കുകളിൽ നിന്ന് ആ മാതാപിതാക്കൾ അനുഭവിക്കുന്ന മാനസികപിരിമുറുക്കം എനിക്ക് വായിച്ചെടുക്കാമായിരുന്നു. അദ്വൈത് മിടുക്കനാണ്. അവനോട് സംസാരിച്ചതിൽ നിന്നും എനിക്ക് അത് വ്യക്തമായി. മാത്തമാറ്റിക്സ് ആണ് അവന്റെ ഇഷ്ട വിഷയം. അതിലെ ഹോംവർക്കൊക്കെ അവൻ കൃത്യമായി ചെയ്യും. "ബാക്കി സബ്ജക്ടൊക്കെ മഹാബോറാ, വായിച്ചാൽ തന്നെ ഉറക്കം വരും" അവൻ എന്നോടു പറഞ്ഞു. കൂടുതൽ സംസാരിച്ചപ്പോൾ പഠനത്തിന്റെ പ്രാധാന്യത്തെ പറ്റി അവന് തീർത്തും തെറ്റായ ധാരണയാണ് ഉള്ളതെന്ന് മനസ്സിലായി. ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം പഠിക്കുക, ബോറടിക്കുന്നതൊക്കെ ഒഴിവാക്കുക എന്നൊരു ലൈനിലാണ് കക്ഷിയുടെ പോക്ക്. എല്ലാ വിഷയത്തിനും ജയിക്കണമെന്നും പത്തിൽ

നല്ല രീതിയിൽ ജയിച്ചാൽ മാത്രമേ തുടർപഠനം ആഗ്രഹിച്ച രീതിയിൽ നടക്കൂ എന്നൊന്നും അവൻ ചിന്തിക്കുന്നില്ല. പുതിയ തലമുറയിൽപ്പെട്ട നല്ലൊരു ശതമാനം കുട്ടികളും അദ്വൈതിന്റെ പാത പിന്തുടരുന്നവരാണ്. പഠിക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും ഉണ്ടെങ്കിലും അവർ പഠനത്തെ ഗൗരവമായി സമീപിക്കുന്നില്ല. പഠനത്തോടുള്ള ഇവരുടെ മനോഭാവം (Attitude) എങ്ങനെ മാറ്റിയെടുക്കുമെന്നോർത്ത് രക്ഷിതാക്കളും ടെൻഷനിലാണ്.

## പഠനം സ്മാർട്ടാക്കാം

സ്കൂൾ തുറന്നാൽ പണ്ടൊക്കെ ഒരു മാസം കാത്തിരിക്കണമായിരുന്നു പുസ്തകങ്ങളെല്ലാം കയ്യിൽ കിട്ടാൻ. പുസ്തകങ്ങളുടെ പുത്തൻ മണം മാറുന്നതിന് മുൻപേ ഓണപ്പരീക്ഷയെത്തും. പാഠങ്ങൾ ഒന്നും പഠിപ്പിച്ച് തീർന്നിട്ടും ഉണ്ടാകില്ല. കാലം മാറി, അതിനൊപ്പം സ്കൂളുകളും മാറി. ഇത് ഇ-ലേണിങ്ങിന്റെ കാലമാണ്. സ്കൂളിൽ ഒരു ദിവസം മുടങ്ങിയാൽ പിറ്റേന്ന് ക്ലാസിലെത്തി ഒഴിവു സമയത്ത് നോട്ട് പകർത്തേണ്ട കഷ്ടപ്പാടൊന്നും ഇന്നത്തെ കുട്ടികൾക്കില്ല. വൈകിട്ട് നോട്ട്സ് ഒന്ന് വാട്ട്സ്ആപ്പ് ചെയ്തേക്കണേ എന്ന് സുഹൃത്തിനോട് ഒരു വാക്കു പറഞ്ഞാൽ മതി. ക്ലാസ് കഴിയുന്ന മുറയ്ക്ക് നോട്ട്സ് ഫോണിലെത്തും. കുട്ടി എപ്പോഴും ഫോണിൽ കളിക്കുകയാണെന്ന് പരാതിപ്പെടുന്ന രക്ഷിതാക്കൾ സത്യത്തിൽ സാങ്കേതികവിദ്യയുടെ സാധ്യതകളെ പറ്റി ബോധവാൻമാരല്ലെന്നതാണ് സത്യം. എൽ.കെ.ജിയിൽ പോകുന്ന കുട്ടിക്കു മുതൽ ഐ.എ.എസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് വരെ സഹായകമായ നിരവധി ഇ-ലേണിങ് സൈറ്റുകൾ ഇന്ന് ലഭ്യമാണ്. ക്ലാസ് മുറികളിൽ അധ്യാപകർ പഠിപ്പിക്കുന്ന അതേ ആധികാരികതയോടെ ഓരോ വിഷയത്തിനും ക്ലാസുകൾ ഈ സൈറ്റുകളിൽ ഉണ്ട്. വീഡിയോ രൂപത്തിലുള്ള ഇത്തരം ക്ലാസുകൾ അനായാസകരമായി കാര്യങ്ങൾ മനസ്സിലാക്കാനും ഓർമ്മയിൽ സൂക്ഷിക്കാനും കുട്ടികളെ സഹായിക്കുന്നു. സൗജന്യമായി ക്ലാസുകൾ നൽകുന്ന സൈറ്റുകളും സബ്സ്ക്രൈബ് (ഓൺലൈൻ വഴി പണം അടച്ച ശേഷം ഉപയോഗിക്കാൻ കഴിയുന്നവ) ചെയ്യേണ്ട സൈറ്റുകളും ഉണ്ട്. ഓൺലൈൻ ക്ലാസുകളും അതിനു ശേഷം ഓൺലൈൻ വഴി തന്നെ പരിശീലിക്കാവുന്ന മോഡൽ പരീക്ഷകളും അടങ്ങിയ പാക്കേജ് ആയിട്ടാണ് ഇ-ലേണിങ് സൈറ്റുകൾ ഇവ നൽകുക. പുസ്തകങ്ങളോട് തീർത്തും താത്പര്യം കാണിക്കാതിരിക്കുകയും കൂടുതൽ സമയം മൊബൈലിൽ ചെലവിടുകയും ചെയ്യുന്ന പുതിയ തലമുറയെ പഠനത്തിലേയ്ക്കടുപ്പിക്കാൻ ഇ-ലേണിങ് സൈറ്റുകൾ ഒരു പരിധി വരെ സഹായകമാണ്. മൊബൈലിൽ ഇത്തരം ലേണിങ് ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കാം. പഠനശേഷം ഓരോ പാഠഭാഗങ്ങളിലേയും മോഡൽ ടെസ്റ്റുകൾ ചെയ്യാൻ അവരോട് ആവശ്യപ്പെടണം. ടെസ്റ്റുകൾ പൂർത്തിയാക്കിയാൽ അത് അനലൈസ് ചെയ്യാനുള്ള സൗകര്യവും ഇത്തരം സൈറ്റുകൾ നൽകുന്നുണ്ട്. ഏതൊക്കെ ഭാഗങ്ങൾ കുട്ടി പഠിച്ചു എന്നും എവിടെയൊക്കെ മെച്ചപ്പെടുത്തണമെന്നും ( Need Improvement) പരീക്ഷാഫലത്തിനൊപ്പം ഒരു ഗ്രാഫിന്റെ സഹായത്തോടെ വ്യക്തമാക്കിയിട്ടുണ്ടാകും. ഇതനുസരിച്ച് പിന്നാക്കം നിൽക്കുന്ന ( Weak area) ഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കുട്ടിയോട് ആവശ്യപ്പെടാം.

കാലം മാറുന്നതിനനുസരിച്ച് കുട്ടികളുടെ പഠനരീതിയും മാറും. അതിനെ കണ്ണടച്ച് എതിർക്കുന്നതിൽ അർത്ഥമില്ല. മുൻപ് പഠനത്തിന് പുസ്തകങ്ങൾ മാത്രമേ ആശ്രയമായി ഉണ്ടായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ അറിവ് വിരൽത്തുമ്പിലാണ്. എങ്ങനെയാണോ കുട്ടിക്ക് ഫലപ്രദമായി (effective) പഠിക്കാൻ സാധിക്കുന്നത് ആ രീതി പിന്തുടരാൻ പറയാം. അതിന് വേണ്ട സഹായങ്ങൾ ഒരുക്കി നൽകുകയും ചെയ്യാം. ഒപ്പം അവർ വെറുതേ ഇന്റർനെറ്റിൽ സമയം ചെലവിടുകയല്ല എന്ന് ഉറപ്പുവരുത്താനും മാതാപിതാക്കൾക്ക് കഴിയണം. മാറുന്ന ലോകത്തിനൊപ്പം അവർ സ്മാർട്ടായി മുന്നേറട്ടെ.

**പഠിക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും ഉണ്ടെങ്കിലും പുതിയ തലമുറ പഠനത്തെ ഗൗരവമായി സമീപിക്കുന്നില്ല. പഠനത്തോടുള്ള ഇവരുടെ മനോഭാവം (Attitude) എങ്ങനെ മാറ്റിയെടുക്കുമെന്നോർത്ത് രക്ഷിതാക്കളും ടെൻഷനിലാണ്**



## ഫോക്കസ്ഡ് ആകണം

ചില മെട്രോ സിറ്റികളിൽ ഒരു നിശ്ചിത തുകയ്ക്ക് ടിക്കറ്റെടുത്താൽ (Day Pass) ദിവസം മുഴുവൻ ബസിൽ കറങ്ങാം. എന്തെങ്കിലും കാരണം കൊണ്ട് ഒരു ദിവസം നഗരത്തിൽ താമസിക്കേണ്ടി വരുന്നവർ ഈ ടിക്കറ്റ് പ്രയോജനപ്പെടുത്തുന്നത് കാണാറുണ്ട്. വെറുതേ ചുറ്റിക്കറങ്ങുക എന്നതിനപ്പുറം ഈ യാത്രയിൽ അവർക്ക് പ്രത്യേകിച്ച് ലക്ഷ്യമൊന്നും ഉണ്ടാകില്ല. ഏറെ പ്രതീക്ഷകളോടെ മാതാപിതാക്കൾ സ്കൂളിലേയ്ക്ക് അയക്കുന്ന ചില കുട്ടികളുടെ അവസ്ഥയും ഇതു തന്നെയാണ്. എല്ലാവരും സ്കൂളിൽ പോകുന്നു, ഞാനും പോകുന്നു; കൂട്ടുകാ



രൊക്കെ ഇന്ന കോഴ്സിന് ചേരുന്നു, ഞാനും ചേരുന്നു- എന്ന നിലയിലാണ് അവരുടെ ജീവിതം. മുന്നോട്ടുള്ള ജീവിതത്തെ കുറിച്ചോ പഠനത്തിന്റെ പ്രാധാന്യത്തെ കുറിച്ചോ അവർക്ക് യാതൊരുവിധ ധാരണയും ഉണ്ടാകില്ല. അതുകൊണ്ടു തന്നെ പഠനത്തെ അവർ ഗൗരവമായി സമീപിക്കുകയില്ല. മറിച്ച് എനിക്ക് ഇന്ന കോഴ്സ് പഠിക്കണം, ഇന്ന ജോലി നേടണം എന്ന് വ്യക്തമായ ലക്ഷ്യമുള്ള കുട്ടി ഒരിക്കലും പഠനത്തിൽ ഉഴപ്പില്ല. തന്റെ ലക്ഷ്യത്തെ കുറിച്ചും അത് നേടേണ്ട വഴികളെ കുറിച്ചും കൃത്യമായ ധാരണ ഉള്ളതിനാൽ അവർ ഓരോ ദിവസവും അതിനായി പരിശ്രമിച്ചു കൊണ്ടിരിക്കും. ഇത്തരത്തിൽ കുട്ടികളെ ലക്ഷ്യബോധം ഉള്ളവരാക്കി മാറ്റേണ്ടത് മാതാപിതാക്കളുടേയും അവരെ പഠിപ്പിക്കുന്ന അധ്യാപകരുടേയും കടമയാണ്. ഇരുപത്തിനാലു മണിക്കൂറും അവരോട് പഠിക്കൂ പഠിക്കൂ എന്ന് ഉരുവിടുന്നതിന് പകരം അൽപ സമയം അവരോട് മനസ്സുതുറന്ന് സംസാരിക്കുക. ഭാവിയെ കുറിച്ച് അവരുടെ സ്വപ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കുക. വ്യക്തമായൊരു ചിത്രം അവർക്കില്ലെങ്കിൽ അവരുടെ അഭിരുചികൾക്ക് ഇണങ്ങിയ പാത തിരഞ്ഞെടുക്കാൻ സഹായിക്കാം. നിങ്ങൾക്ക് തനിയെ സാധിക്കുന്നില്ലെങ്കിൽ ഒരു കൗൺസിലറുടെ സഹായവും തേടാവുന്നതാണ്. മുന്നിൽ കൃത്യമായ ഒരു ലക്ഷ്യമുണ്ടാകുമ്പോൾ അത് നേടിയെടുക്കാനുള്ള പരിശ്രമം അവർ തുടർന്നുകൊണ്ടേയിരിക്കും. മക്കളെ ഇത്തരത്തിൽ അവബോധമുള്ളവരാക്കി മാറ്റാനാണ് രക്ഷിതാക്കൾ ശ്രമിക്കേണ്ടത്.

## ഉദാഹരണങ്ങൾ കണ്ടറിയട്ടെ

ഇന്ത്യൻ സമൂഹവ്യവസ്ഥയനുസരിച്ച് ഒരു കുട്ടി ജനിച്ച്, വിദ്യാഭ്യാസം നേടി, ജോലി കണ്ടെത്തി, വിവാഹം കഴിക്കുന്നതു വരെയുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. വലിയൊരു ചുമതല തന്നെയാണ് അത്. ജനിക്കുന്നതു മുതൽ എല്ലാ കാര്യവും മാതാപിതാക്കൾ നോക്കുന്നതിനാൽ കുട്ടി അതിന്റെ യഥാർത്ഥമൂല്യം മനസ്സിലാക്കാതെ (Taken for granted) പോകുന്നു. എന്നും എല്ലായ്പ്പോഴും എന്റെ കാര്യങ്ങൾ ഇത്തരത്തിൽ ഭംഗിയായി നടക്കും എന്ന് അവർ തെറ്റിദ്ധരിച്ചു പോകാനുള്ള സാധ്യതയും കൂടുതലാണ്. അതിനാൽ യാഥാർത്ഥ്യം അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അച്ഛനോ അമ്മയോ പറഞ്ഞു കൊടുത്താൽ അവർ അത് ഉൾക്കൊള്ളണമെന്നില്ല. പകരം അയൽപ്പക്കത്തോ ബന്ധത്തിലോ അവരേക്കാൾ മുതിർന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരുമായി സംസാരിക്കാൻ അവസരം ഒരുക്കാം. അവരിൽ പഠനം കഴിഞ്ഞ് ഒരു ജോലിയും ലഭിക്കാതെ വിഷമഘട്ടത്തിൽ നിൽക്കുന്നവരുണ്ടാകും. മറ്റു ചിലരാകട്ടെ വ്യക്തമായ ലക്ഷ്യത്തോടെ പഠിച്ച് ഉയർന്ന നിലയിൽ എത്തിയവരാകും. രണ്ടുവിഭാഗക്കാരുമായും കുട്ടി സംസാരിക്കുന്നത് അവന് വലിയ തിരിച്ചറിവു നൽകും. വിജയിച്ച ആളുടെ വാക്കുകളേക്കാൾ പരാജയപ്പെട്ട ആളുടെ വേദനയും വാക്കുകളും അവന്റെ മനസ്സിൽ തറയ്ക്കും. ആ അവസ്ഥ തനിക്കു വരുമോ എന്ന ചിന്ത പഠനത്തെ ഗൗരവമായി സമീപിക്കാൻ അവനെ പ്രേരിപ്പിക്കും. ഇത്തരത്തിൽ ജീവിക്കുന്ന ഉദാഹരണങ്ങളിലൂടെ കുട്ടികൾക്ക് കാര്യങ്ങൾ വ്യക്തമാക്കി കൊടുക്കാനാകണം ഓരോ രക്ഷിതാവും ശ്രമിക്കേണ്ടത്. രാവും പകലും നിങ്ങൾ ഉപദേശപ്പെരുമഴ ചൊരിഞ്ഞാലും അവർ നന്നാകണമെന്നില്ല. എന്നാൽ സത്യം കൺമുന്നിൽ കണ്ട് മനസ്സിലാക്കുമ്പോൾ അവർക്ക് തിരിച്ചറിവുണ്ടാകുമെന്ന് ഉറപ്പാണ്.

**ഇന്ത്യൻ സമൂഹവ്യവസ്ഥയനുസരിച്ച് ഒരു കുട്ടി ജനിച്ച്, വിദ്യാഭ്യാസം നേടി, ജോലി കണ്ടെത്തി, വിവാഹം കഴിക്കുന്നതു വരെയുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. വലിയൊരു ചുമതല തന്നെയാണ് അത്**

പഠിക്കാനുള്ള അവസരങ്ങളും സാഹചര്യവും കുറവാണെന്നതായിരുന്നു പഴയതലമുറ അഭിമുഖീകരിച്ചിരുന്ന പ്രധാന പ്രശ്നം. എന്നാൽ ഇപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എത്ര പണം മുടക്കാനും രക്ഷിതാക്കൾ തയ്യാറാണ്. തന്റെ കുട്ടി പഠിച്ച് മികച്ച നിലയിൽ എത്തണം എന്നതു മാത്രമാണ് അവരുടെ ആഗ്രഹം. അതേസമയം കുട്ടികളാകട്ടെ പഠിക്കാനുള്ള സകലസൗകര്യങ്ങളും ഉണ്ടെങ്കിലും അത് ശരിയായി വിനിയോഗിക്കുന്നില്ല. ജീവിതത്തിൽ പഠനത്തിനുള്ള പ്രാധാന്യം തിരിച്ചറിയാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പഠിക്കാനുള്ള സാഹചര്യങ്ങളും കഴിവും ഉണ്ടായിട്ടും പഠനത്തെ ഗൗരവത്തോടെ സമീപിക്കാതിരുന്നാൽ നാളെ അതിന്റെ ഫലം താൻ തന്നെ അനുഭവിക്കേണ്ടി വരും എന്ന് അവരെ ബോധ്യപ്പെടുത്താൻ രക്ഷിതാക്കൾക്ക് കഴിയണം. അത്തരം ഒരു തിരിച്ചറിവുണ്ടാകുമ്പോൾ മാത്രമേ ലക്ഷ്യബോധത്തോടെ മുന്നോട്ടു പോകാനും ജീവിതത്തിൽ വിജയിക്കാനും അവർക്ക് കഴിയൂ.

---

(കുറിപ്പ് : ഇതിൽ ഉപയോഗിച്ചിരിക്കുന്ന പേരുകൾ സാങ്കൽപികമാണ്)